## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 400      2/12/2014-ൽ മറുപടിക്ക്

# മീറ്ററുകളുടെ ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യിൽ മീറ്ററുകളുടെ ക്ഷാമം മൂലം കേടായ മീറ്ററുകൾ മാറ്റി വെയ്ക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വിശദമാക്കാമോ ? | (ബി) കേടായ മുഴുവൻ എൽ.റ്റി.സി.റ്റി. മീറ്ററുകളും മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേടായ ത്രീഫേസ് മീറ്ററുകൾ മാറ്റുന്നതിനായി 75,000 എണ്ണം പുതിയ മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ ത്രീഫേസ് മീറ്ററുകൾ ഘട്ടം ഘട്ടമായി മാറ്റി വച്ചു വരുന്നു. കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റുന്നതിന് 12,00,000 സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെൻഡർ വിളിച്ച് പർച്ചേസ് ഓർ ഡർ നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി 1.7 ലക്ഷം മീറ്ററുകൾ ലഭിച്ചിട്ടുണ്ട്. ടെസ്റ്റിംഗും സീലു കളും കഴിഞ്ഞ് 1 ലക്ഷം മീറ്ററുകൾ വിതരണ ത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് കേടായ സിംഗിൾ ഫേസ് മീറ്ററുകൾ മാറ്റി വരുന്നു. വരും മാസങ്ങളിൽ 2 ലക്ഷം മീറ്ററുകൾ വീതം ലഭ്യമാകും. ഇവ കേടായ മീറ്ററുകൾ മാറ്റി വയ്ക്കാൻ ഉപയോഗിക്കുന്നതാണ്. ആദ്യഘട്ടമായി കേടായ ഇലക്ട്രോണിക് മീറ്ററുകൾ (ഗ്യാരന്റി യുള്ളത്) മാറ്റുവാനാണ് നിർദ്ദേശം നൽകിയി ട്ടുള്ളത്. ഈ മീറ്ററുകൾ തിരികെ നൽകുമ്പോൾ പകരം മീറ്ററുകൾ നൽകാൻ കമ്പനികൾ ബാദ്ധ്യ സ്ഥരാണ്. മാറ്റി നല്കുന്ന മീറ്ററുകളും കേടായ മീറ്ററുകൾ മാറ്റാൻ ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ